Draft #1 of File ACB1/1/9002/2020 Approved by ASSISTANT REGISTRAR I (ACADEMIC) on 30-Jun-2020 12:16 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

<u>**സംഗ്രഹം**</u>

സ്വകാര്യ എയ്ഡഡ് കോളേജുകൾ - അസിസ്റ്റന്റ് പ്രൊഫസർ നിയമനം, പ്രിൻസിപ്പൽ നിയമനം(Direct/Promotion), അസിസ്റ്റന്റ് പ്രൊഫസർ സ്റ്റേജ് II, സ്റ്റേജ് III, അസോസിയേറ്റ് പ്രൊഫസർ എന്നിവരുടെ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സെലക്ഷൻ/സ്ക്രീനിംഗ് കമ്മിറ്റിയിലേക്ക് വിഷയ വിദഗ്ധർ/വിദ്യാഭ്യാസ വിചക്ഷണൻ എന്നിവരെ സർവ്വകലാശാല നിയമിക്കുന്നത് സംബന്ധിച്ച് - അപ്രൂവൽ സംബന്ധിച്ച സിൻഡിക്കേറ്റ് ഉപസമിതിയുടെ ശിപാർശ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 1 സെക്ഷൻ**

നമ്പർ. 2917/AC B 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 30.06.2020

---

*പരാമർശം:*-1)19.10.2019-ലെ 5020/AC L/2019/MGU നമ്പർ സർവകലാശാല ഉത്തരവ്.

2) 10.01.2020 ലെ 141/AC L/2020/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവ്.

3)2020 ജൂൺ മാസം 18-ന് കൂടിയ സിൻഡിക്കേറ്റ് ഉപസമിതി അപ്രൂവലിന്റെ നടപടിക്രമം, ഇനം നമ്പർ : OA 1

<u>**ഉത്തരവ്**</u>

യു.ജി.സി റഗുലേഷൻസ് 2018 (minimum qualifications for appointment of teachers and other academic staff in Universities and Colleges and measures for the maintenance of Standards in Higher Education) -ലെ വ്യവസ്ഥകൾ, പരാമർശം (1) പ്രകാരം സർവ്വകലാശാലയിൽ ബാധകമാക്കിയിരുന്നു. പ്രസ്തുത റെഗുലേഷൻ അനുസരിച്ച്, സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ, പ്രിൻസിപ്പൽ (Direct/Promotion) എന്നീ നിയമനങ്ങളുമായി ബന്ധപ്പെട്ടും, അസിസ്റ്റന്റ് പ്രൊഫസർ സ്റ്റേജ് II, സ്റ്റേജ് III, അസോസിയേറ്റ് പ്രൊഫസർ എന്നിവരുടെ സ്ഥാനക്കയറ്റം നൽകുന്നതുമായി ബന്ധപ്പെട്ടും രൂപീകരിക്കുന്ന സെലക്ഷൻ/സ്ക്രീനിംഗ് കമ്മിറ്റിയിലേക്ക്, സർവകലാശാല സിൻഡിക്കേറ്റ് അംഗീകരിച്ച വിഷയവിദഗ്ധരുടെ/വിദഗ്ധരുടെ പാനലിൽ നിന്നും/സർവകലാശാലയുടെ വിഷയവിദഗ്ധരുടെ പാനലിൽ നിന്നും, വിഷയ വിദഗ്ധർ/വിദ്യാഭ്യാസ വിചക്ഷണൻ എന്നിവരെ സർവ്വകലാശാല വൈസ്- ചാൻസിലർ നാമനിർദ്ദേശം ചെയ്യേണ്ടതുണ്ട്.

പ്രസ്തുത വിഷയം പരിഗണിച്ച, 18.06.2020 -ന് കൂടിയ അപ്രൂവൽ സംബന്ധിച്ച സിൻഡിക്കേറ്റ് ഉപസമിതി യോഗം, പരാമർശം (3) പ്രകാരം, എയ്ഡഡ് അഫിലിയേറ്റഡ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ നിയമനം, പ്രിൻസിപ്പൽ നിയമനം (Direct/ Promotion), അസിസ്റ്റന്റ് പ്രൊഫസർ സ്റ്റേജ് II, അസിസ്റ്റന്റ് പ്രൊഫസർ സ്റ്റേജ് III, അസോസിയേറ്റ് പ്രൊഫസർ എന്നിവരുടെ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സെലക്ഷൻ/സ്ക്രീനിംഗ് കമ്മിറ്റിയിലേക്ക് വിഷയ വിദഗ്ധർ/ വിദ്യാഭ്യാസ വിചക്ഷണൻ എന്നിവരെ നിയമിക്കുന്നതിനായി വൈസ്-ചാൻസിലറെ

ച്ചമതലപ്പെടുത്തുവാൻ ശിപാർശ ചെയ്തത്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം III, 10(17) പ്രകാരം അംഗീകരിച്ച് വൈസ്-ചാൻസിലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസലറുടെ/പ്രൊ വൈസ് ചാൻസലറുടെ പി.എസ്.
2.രജിസ്ട്രാർ/പരീക്ഷ കൺട്രോളറുടെ പി.എ
3.ഐ.ക്യു.എ.സി/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
4. എസി സി 1/2 സെക്ഷൻ
5.റെക്കോർഡ്സ്
6.കരുതൽ ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File ACB1/1/9002/2020 Approved by ASSISTANT REGISTRAR I (ACADEMIC) on 30-Jun-2020 12:16 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം